"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ ശരത്ത്.കെ.ജെ-യുടെ ക്ലാര്ക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1267/2023/LSGD തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:-

1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.02.2019-ലെ DDP-EKM/318/2019-E6 നമ്പർ ഉത്തരവ്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.04.2023- ലെ LSGD/PD/21744/2023-DC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ, 16.11.2015 ൽ എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ . ശരത്ത്. കെ .ജെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ പാസ്സാകാത്തതിനാലും, പ്രൊബേഷൻ കാലയളവിൽ 61 ദിവസത്തെ ശൂന്യവേതനാവധിയിലായിരുന്നതിനാലും പരാമർശം (1) പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 16.10.2018 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. ശ്രീ.ശരത്ത്.കെ.ജെ 22.11.2022 ൽ എം .ഒ.പി പരീക്ഷ വിജയിച്ചതിനാൽ 23.11.2022 പ്രാബല്യത്തിൽ ടിയാളുടെ പ്രൊബേഷൻ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് 24.11.2022 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശ കത്തിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ , എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ . ശരത്ത് കെ ജെ യുടെ പ്രൊബേഷൻ ടിയാൻ എം .ഒ.പി പരീക്ഷ വിജയിച്ച 22.11.2022 ന്റെ തൊട്ടടുത്ത ദിവസമായ 23.11 .2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് കെ.എസ് & എസ്.എസ്.ആർ,ഭാഗം II ചട്ടം 21-ന് വിധേയമായി 16.01.2019 മുതൽ 24.11.2022 A N വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്, എറണാകുളം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നമ്പർ ഇപിഎ1/85/ 2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 19-06-2023 12:15:45